**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1615          22.03.2013 - ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ

ചോദ്യം                                        ഉത്തരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ                    **ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എന്തൊക്കെ പെൻഷനുകളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്നും ഓരോ പെൻഷനും എത്ര രൂപ വീതമാണ് എന്നും വ്യക്തമാക്കുമോ ; | (എ) | വിവിധ ക്ഷേമപെൻഷനുകളുടെ പേരും, പ്രതിമാസ നിരക്കും ചുവടെ ചേർക്കുന്നു. |

| ക്ഷേമ പെൻഷന്റെ പേര് | പ്രതിമാസ നിരക്ക് (രൂപ) |
|---|---|
| 1.വികലാംഗ പെൻഷൻ | 525/- |
| 80% ത്തിനു മുകളിൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ | 700/- |
| 2. അഗതി (വിധവ) പെൻഷൻ | 525/- |
| 3. ദേശീയ വാർദ്ധക്യ കാല പെൻഷൻ | 400/- |
| 80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ | 900/- |
| 4. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 525/- |

| | | | |
|---|---|---|---|
| (ബി) | ഇതിൽ ഏതെങ്കിലും പെൻഷൻ കുടിശ്ശിക ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ഇതു വിതരണം ചെയ്യാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച തുക മുഴുവനും കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ വിതരണത്തിനായി ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഈ പെൻഷൻ വാങ്ങുന്നവർ പോസ്റ്റോഫീസിൽ അക്കൗണ്ട് തുടങ്ങണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; | (സി) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പെൻഷൻ പദ്ധതികളും മറ്റു ധനസഹായങ്ങളും 2013 ഏപ്രിൽ 1 മുതൽ UID നിർബന്ധമാക്കി ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ്, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | രോഗികൾ, പ്രായക്കൂടുതലുള്ളവർ എന്നിവർക്ക് നിലവിൽ ലഭിക്കുന്നതുപോലെ എം. ഒ. ആയി പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ